# പത്രക്കുറിപ്പ്

59-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ഹൈസ്കൂൾ വിഭാഗം ഉപന്യാസ രചനാ മത്സരത്തിലെ വിധികർത്താക്കളിൽ ഒരാളെക്കുറിച്ച് വിവാദമുയരുകയും, മത്സരത്തിൽ ഉൾപ്പെട്ട രചനകൾ പുനർമൂല്യനിർണ്ണയം നടത്തണമെന്ന ആവശ്യമുയരുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനതല അപ്പീൽ കമ്മിറ്റി കേരള സ്കൂൾ കലോത്സവ മാനുവൽ അധ്യായം 13 ലെ സംസ്ഥാനതല അപ്പീൽ കമ്മിറ്റിയുടെ അധികാരങ്ങൾ സംബന്ധിച്ച ഖണ്ഡിക 3-ൽ പരാമർശിക്കുന്ന പ്രകാരം പ്രസ്തുത പരാതികളുടെ ഉള്ളടക്കം പരിശോധിച്ചു. കലോത്സവത്തിലെ ഹൈസ്കൂൾ വിഭാഗം ഉപന്യാസ രചനാ മത്സരത്തിന്റെ വിധിനിർണയം സംബന്ധിച്ച് ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ കമ്മിറ്റി മത്സരത്തിൽ വന്ന മുഴുവൻ രചനകളും പുനർമൂല്യനിർണയം നടത്താൻ നിശ്ചയിക്കുകയും ഭാഷാ സാഹിത്യവിഭാഗം വിദഗ്ധനും ജൂറി അംഗവുമായ ശ്രീ.സന്തോഷ് ഏച്ചിക്കാനത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. അപ്രകാരം നടത്തിയ പുനർമൂല്യനിർണയം പതിമൂന്നംഗ സംസ്ഥാനതല അപ്പീൽ കമ്മിറ്റി ഐകകണ്ഠ്യേന അംഗീകരിച്ചു.

ആലപ്പുഴ,
**09/12/2018.**

പൊതു വിദ്യാഭ്യാസ ഡയറക്ടർ